SREENARAYANAGURU OPEN UNIVERSITY
*The State University for Education, Training and Research in Blended Format, Kerala*
University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

# പരീക്ഷാ വിഭാഗം
# സർക്കുലർ

**നം. 26/EX.1/26/SOU/2025** **തീയതി: 25/03/2026**

വിഷയം: ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി– പരീക്ഷാ വിഭാഗം നിരന്തരമൂല്യനിർണ്ണയം – ഇൻടേക്ക് 6 (2025 ജൂലൈ അഡ്മിഷൻ)– നാല് വർഷ യു. ജി. / മൂന്ന് വർഷ യു. ജി./ പി. ജി. പ്രോഗ്രാം – രണ്ടാം സെമസ്റ്റർ – അസൈൻമെന്റ് സമർപ്പണം സംബന്ധിച്ച നിർദ്ദേശങ്ങൾ.

നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായി (Continuous Internal Evaluation-CIE) ഒരു കോഴ്സിന് 2 അസൈൻമെന്റുകൾ പഠിതാക്കൾ സമർപ്പിക്കേണ്ടതായുണ്ട്. പ്രോഗ്രാം വിജയിക്കുന്നതിന് ഓരോ കോഴ്സിനും 2 അസൈൻമെന്റുകൾ സമർപ്പിക്കേണ്ടത് നിർബന്ധമാണ്. നിരന്തരമൂല്യനിർണ്ണയം സംബന്ധിച്ച പൂർണ്ണമായ മാർഗ്ഗനിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ (www.sgou.ac.in→Examination →Examination Order→First Amendments To The Guidelines For Continuous Internal Evaluation (CIE), December 2023 - Implemented-Orders Issued) ലഭ്യമാണ്.

| Sl. No. | Intake - Semester – Programme | Last Date of Submission Without fine | Date of submission of assignments which will be considered for Regular result |
|---|---|---|---|
| 1 | F.Y.U.G. – Intake 6 (2025 July Admissions)<br>• Semester II<br>• B.A.(English/Malayalam/History/ Sociology,B.Com(Finance/Co-operation), B.B.A– 6 Programmes | 10-05-2026 | 10-05-2026 |
| 2 | U.G. – Intake 6 (2025 July Admissions)<br>• Semester II<br>• B.A. (Hindi/Arabic/Sanskrit/Afsal ul Ulama/Economics/Philosophy/Political Science/Nano Entrepreneurship), B.Sc. Data Science and Analytics, B.C.A – 10 Programmes | 10-05-2026 | 10-05-2026 |
| 3 | P.G. - Intake 6 (2025 July Admissions)<br>• Semester II<br>• M.A.(English/Malayalam/Hindi/Arabic/ Sanskrit/History/Sociology/Economics/ Philosophy,Political Science,Public Administration),M.Com – 12 Programmes | 10-05-2026 | 10-05-2026 |

പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇൻടേക്ക് VI–ലെ (2025 ജൂലൈ അഡ്മിഷൻ) വിവിധ പ്രോഗ്രാമുകളുടെ അസൈൻമെന്റുകൾ പഠിതാക്കൾക്ക് 10-05-2026 വരെ പിഴ കൂടാതെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. 10-05-2026 തീയതിക്ക് ശേഷം അസൈൻമെന്റ് ഒന്നിന് 50 രൂപ ലേറ്റ്ഫീയോടുകൂടി ബന്ധപ്പെട്ട പ്രോഗ്രാം കാലാവധി വരെയും പ്രോഗ്രാം കാലാവധിയ്ക്ക് ശേഷം 100 രൂപ സൂപ്പർ ഫൈനോടു കൂടിയും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

10-05-2026 വരെ ഫൈനില്ലാതെ സമർപ്പിക്കുന്ന അസൈൻമെന്റുകൾ മാത്രമേ ടി സെമെസ്റ്ററുകളുടെ റഗുലർ പരീക്ഷകളുടെ ഫലത്തിനായി പരിഗണിക്കുകയുള്ളൂ. അസൈൻമെന്റുകൾ ടി തീയതിക്കകം സമർപ്പിക്കാത്ത പഠിതാക്കളുടെ സെമസ്റ്റർ പരീക്ഷാഫലം (റഗുലർ) താത്കാലികമായി തടഞ്ഞുവയ്ക്കുന്നതായിരിക്കും. ടി തീയതിക്ക് ശേഷം ഫൈനോടു കൂടി

സമർപ്പിക്കുന്ന അസൈൻമെന്റുകളുടെ ഫലം സപ്ലിമെന്ററി പരീക്ഷാ ഫലത്തിനോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്.

***അസൈൻമെന്റ് ചോദ്യങ്ങൾ സ്റ്റുഡന്റ്സ് പോർട്ടലിലും (erp.sgou.ac.in) പഠിതാക്കളുടെ ലേണർ സപ്പോർട്ട് സെന്ററുകളിലും ലഭ്യമാണ്.***

**അസൈൻമെന്റുകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യുമ്പോൾ പഠിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

- പഠിതാക്കൾ അസൈൻമെന്റ് എഴുതിയതിന് ശേഷം സ്കാൻ ചെയ്ത്, pdf ഫോർമാറ്റിൽ സേവ് ചെയ്യുക. അതാത് കോഴ്സിന്റെ പേരും ഏതു സെറ്റ് (സെറ്റ് 1/സെറ്റ് 2) ആണെന്നും ഫയലിന്റെ പേരിനോടൊപ്പം നൽകേണ്ടതാണ്.

- പഠിതാക്കൾ അസൈൻമെന്റുകൾ സമർപ്പിക്കുമ്പോൾ ആദ്യ പേജായി സർവകലാശാല നിർദ്ദേശിച്ചിട്ടുള്ള FACING SHEET ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത FACING SHEET-ന്റെ ഫോർമാറ്റ് പഠിതാക്കളുടെ LSC-കളിലും സർവകലാശാല വെബ്സൈറ്റിലും ലഭ്യമാണ്.

- അപ്‌ലോഡ് ചെയ്യുന്ന pdf ഫയലിന്റെ പരമാവധി സൈസ് 10 MB / 10 പേജ് ആണ്. (10 പേജ് എന്നുള്ളത് വിഷയത്തിന്റെ ഉള്ളടക്കമാണ്)

- erp.sgou.ac.in എന്ന സ്റ്റുഡന്റ്സ് പോർട്ടലിൽ കാൻഡിഡേറ്റ് ലോഗിൻ വഴിയാണ് അസൈൻമെന്റുകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടത്.

- ഓൺലൈനായി അസൈൻമെന്റ് സമർപ്പിക്കുന്നതിന് Mode of Submission – Online Mode തിരഞ്ഞെടുത്ത ശേഷം അസൈൻമെന്റ് ഫയൽ അപ്‌ലോഡ് ചെയ്ത് ഫൈനൽ സബ്മിഷൻ കൊടുക്കേണ്ടതാണ്.

- കോഴ്സുകൾ മാറി അപ്‌ലോഡ് ചെയ്തതോ, അസൈൻമെന്റുകൾ അപ്‌ലോഡ് ആകാത്തതോ ആയ സാഹചര്യങ്ങളിൽ ടി കോഴ്സിന്റെ മൂല്യനിർണയം നടത്താൻ സാധിക്കില്ല, ആയതിനാൽ ഓരോ കോഴ്സിന് നേരെയുള്ള Assignment Set I (DESCRIPTIVE), Assignment Set II (ANALYTICAL) അസൈൻമെന്റുകൾ വ്യത്യസ്ത ഫയലുകളായി അപ്‌ലോഡ് ചെയ്യണം. Set I ഉം Set II ഉം ഒരുമിച്ച് അപ്‌ലോഡ് ചെയ്യാൻ പാടില്ല.
- ഒരേ ഉള്ളടക്കം വ്യത്യസ്തമായ ഫേസിങ് ഷീറ്റ് ഉൾപ്പെടുത്തി സമർപ്പിക്കുന്ന പഠിതാക്കളുടെ അസൈൻമെന്റുകൾ, Regulations for the Prevention of Malpractices in the University Examinations-2023 (Embodying amendments upto 13 March 2024), Clause-18 പ്രകാരം പരീക്ഷ ക്രമക്കേടായി കണക്കാക്കുകയും ടി പഠിതാക്കളുടെ അസൈൻമെന്റുകൾ അസാധുവാക്കുകയും പ്രോസസ്സിംഗ് ഫീയായ Rs.2500/- അടയ്ക്കേണ്ടതും സർവകലാശാല നിയമപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. **ആയതിനാൽ പഠിതാക്കൾ സ്വന്തമായി തയ്യാറാക്കിയ അസൈന്മെന്റുകൾ മാത്രം സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.**
- പഠിതാക്കൾക്ക് അസ്സൈൻമെന്റിന്റെ സബ്മിഷൻ സ്റ്റാറ്റസ് സ്റ്റുഡന്റ്സ് പോർട്ടലിൽ കാണുവാൻ സാധിക്കുന്നതാണ്.
- അസൈൻമെന്റുകൾ അപ്‌ലോഡ് ചെയ്യുന്ന പ്രക്രിയയുടെ ഡെമോ വീഡിയോ പഠിതാക്കൾക്ക് പങ്കുവെയ്ക്കുന്നതാണ്.
- ഫൈനോട് കൂടി സമർപ്പിക്കുന്ന അസൈൻമെന്റുകളും erp.sgou.ac.in പോർട്ടൽ വഴി ഓൺലൈനായി മാത്രമേ സമർപ്പിക്കാവൂ. ഫൈൻ അടയ്ക്കുന്നതിനുള്ള പെയ്മെന്റ് വിൻഡോ അതിൽ തന്നെ ലഭ്യമാകുന്നതാണ്. ടി പോർട്ടൽ വഴി ഫൈൻ അടച്ചതിന്റെ Payment Receipt മാത്രമേ സർവകലാശാല സ്വീകരിക്കുയുള്ളു. Payment Receipt സ്റ്റുഡന്റ്സ് പോർട്ടലിലെ ഡാഷ്ബോർഡിലെ Payment ടാബിൽ ലഭ്യമാണ്.

*ഓൺലൈനായി സമർപ്പിക്കുന്നതിന് സാങ്കേതികമായോ പ്രയോഗികമായോ ബുദ്ധിമുട്ടുകൾ നേരിടുന്ന പഠിതാക്കൾക്ക് അസൈൻമെന്റുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഓഫ്‌ലൈനായും LSCകളിൽ സബ്‌മിറ്റ് ചെയ്യാവുന്നതാണ്.*

**ഓഫ്‌ലൈനായി അസൈൻമെന്റുകൾ LSCകളിൽ സമർപ്പിക്കുമ്പോൾ പഠിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

- പഠിതാക്കളുടെ സ്റ്റുഡന്റ്സ് പോർട്ടലിലെ ഡാഷ്ബോർഡിൽ എല്ലാ കോഴ്സുകളുടെയും അസൈൻമെന്റുകൾ സമർപ്പിക്കുന്ന – Mode of Submission – Offline Mode ആയി തിരഞ്ഞെടുക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം ടി പഠിതാക്കളുടെ അസൈൻമെന്റുകൾ മൂല്യനിർണയം നടത്തി മാർക്കുകൾ രേഖപ്പെടുത്താൻ സാധിക്കില്ല.
- Offline Mode തിരഞ്ഞെടുക്കാത്ത പഠിതാക്കളുടെ അസൈൻമെന്റുകൾ LSCകളിൽ സമർപ്പിക്കാൻ സാധിക്കുകയില്ല.
- എല്ലാ കോഴ്സുകളുടെയും അസൈൻമെന്റുകൾ സമർപ്പിക്കുന്ന – Mode of Submission – Offline Mode ആയി തിരഞ്ഞെടുത്തതിന്റെ Screenshot പ്രിന്റ് ഔട്ട് അസൈൻമെന്റുകളോടൊപ്പം പഠിതാക്കൾ LSCകളിൽ സമർപ്പിക്കേണ്ടതാണ്.
- സർവകലാശാലയിൽ നിന്നും അറിയിക്കുന്ന തീയതിക്ക് മുൻപ് അസൈൻമെന്റുകൾ സ്റ്റുഡന്റ്സ് പോർട്ടൽ വഴി ഓഫ്‌ലൈൻ മോഡ് തിരഞ്ഞെടുത്ത് സബ്‌മിറ്റ് ചെയ്യുകയും സർവകലാശാലയിൽ നിന്നും അറിയിച്ച തീയതിക്ക് ശേഷം LSC–ൽ ഓഫ്‌ലൈനായി അസൈൻമെന്റുകൾ സമർപ്പിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള അസൈൻമെന്റുകൾ സ്വീകരിക്കുന്നതല്ല. ആയതിനാൽ സർവകലാശാലയിൽ നിന്നും സർക്കുലർ മുഖാന്തിരം അറിയിക്കുന്ന തീയതിക്ക് മുൻപ് തന്നെ LSC ൽ ഓഫ്‌ലൈനായി അസൈൻമെന്റുകൾ സമർപ്പിക്കേണ്ടതാണ്.

**നാല്വ വർഷ യൂ. ജി. പ്രോഗ്രാമുകളുടെ ചുവടെ ചേർത്തിട്ടുള്ള 4 Credit കോഴ്സുകളുടെ ഓരോ അസൈൻമെന്റിനും (സെറ്റ് 1 & സെറ്റ് 2) 10 മാർക്ക് വീതമാണ്.**

| Type of Course | Course Code | Course Title |
|---|---|---|
| Ability Enhancement Course | SGB24EG102AC | Reading and Writing English |
| Multi-Disciplinary Courses (Learners can choose any one) | SGB24SO101MD | Criminology |
| | SGB24CA102MD | Machine Learning for All |
| | SGB24BB101MD | Digital Marketing |

**6 Credit കോഴ്സുകളുടെ ഓരോ അസൈൻമെന്റിനും (സെറ്റ് 1 & സെറ്റ് 2) 15 മാർക്ക് വീതമാണ്.**

**പ്രത്യേക ശ്രദ്ധയ്ക്ക് :**

- സർവകലാശാലയുടെ നാല്വ വർഷ യൂ. ജി. /മൂന്ന് വർഷ യൂ. ജി./ പി. ജി. എൻഡ് സെമസ്റ്റർ പരീക്ഷകൾക്ക് നിലവിൽ അസൈൻമെന്റുകൾ സമർപ്പിക്കാത്ത പഠിതാക്കൾക്കും പരീക്ഷ രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ട്. എന്നാൽ സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യുന്നതിന് മുൻപായി അതാത് കോഴ്സുകളുടെ അസൈൻമെന്റുകൾ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. അസൈൻമെന്റുകൾ സമർപ്പിച്ച പഠിതാക്കൾക്കു മാത്രമേ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് പരീക്ഷകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കൂ.
- സെമസ്റ്റർ രജിസ്ട്രേഷൻ പ്രകാരമുള്ള കോഴ്സുകളുടെ അസൈൻമെന്റുകൾ മാത്രമേ സ്വീകാര്യമാവുകയുള്ളൂ. സെമസ്റ്റർ രജിസ്ട്രേഷനിൽ എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ അവ തിരുത്തിയതിനുശേഷം മാത്രം അസൈൻമെന്റുകൾ സമർപ്പിക്കേണ്ടതാണ്.

- അസൈൻമെന്റുകളുടെ റിസൾട്ട് പഠിതാക്കൾക്ക് തങ്ങളുടെ സ്റ്റുഡന്റ്സ് ഡാഷ് ബോർഡിൽ സർവകലാശാലയിൽ നിന്നും അറിയിക്കുന്ന തീയതി മുതൽ ലഭ്യമായിരിക്കും. അസൈൻമെന്റുകൾക്ക് (സെറ്റ് 1 / സെറ്റ് 2) ലഭിച്ച മാർക്കുകൾ സംബന്ധിച്ച് പഠിതാക്കൾക്ക് എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ സർവകലാശാലയിൽ നിന്നും അറിയിക്കുന്ന തീയതികൾക്കുള്ളിൽ പഠിതാക്കൾക്ക് അപ്പീൽ (Appeal) നൽകാവുന്നതാണ്. ഓൺലൈനായി അസൈൻമെന്റുകൾ സമർപ്പിച്ച പഠിതാക്കൾക്ക് മാത്രമേ ഓൺലൈനായി അപ്പീൽ നൽകാൻ സാധിക്കുകയുള്ളു. അപ്പീൽ നൽകുന്നത് സംബന്ധിച്ച സർക്കുലർ നം: 144/EX.1/26/SOU/2025 തീയതി 25/08/2025 സർവകലാശാലയിൽ നിന്നും പുറപ്പെടിവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ പഠിതാക്കൾക്ക് സർവകലാശാല വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

**പ്രൊഫ. (ഡോ.) അനന്ദ രശ്മി എസ്.**
**പരീക്ഷാ കൺട്രോളർ**

Copy to:-

PS TO VC
PA to Registrar/FO/CC/PRO
All Directors, Regional Centres
All LSC Coordinators
Academic Co-ordinator
Head of Schools
All Assistant Professors
Stock file/File

File No. EX.1/26/SOU/2025